ഒരു ഉത്തരവും നൽകിയിട്ടുള്ള ഈ സാഹചര്യത്തിൽ, ഹൈക്കോടതിയിൽ ഒരു തീരുമാനവും ഗവൺമെന്റിനു മറ്റൊരു തീരുമാനവും നിലനിൽക്കുന്നതോടൊപ്പം മൂന്നാറിൽ താമസിക്കുന്ന ആൾക്കാരുടെ കാര്യം വളരെ ബുദ്ധിമുട്ടിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി മറ്റൊരു തീരുമാനം കൂടി പറഞ്ഞിട്ടുണ്ട്. ഇതിനൊരു ഉചിതമായ തീരുമാനം എടുക്കുന്നതിന് ഗവൺമെന്റ് ഇടപെടണമെന്ന് ഹൈക്കോടതി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എത്രയും പെട്ടെന്ന് ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുകയും കൈവശഭൂമി വച്ചിരിക്കുന്ന ആളുകൾക്ക് ആ സ്ഥലം റ്റാറ്റാ കമ്പനിയിൽ നിന്നും ഏറ്റെടുത്തുകൊണ്ട് ഈ ആളുകൾക്ക് തന്നെ പതിച്ചു കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും കെട്ടിടം കെട്ടാൻ വേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. മണി ഇവിടെ ഉന്നയിച്ച പ്രശ്നം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരമുള്ള കാര്യങ്ങളാണ്. റ്റാറ്റാ ടീ കമ്പനി, പബ്ലിക് ഇന്റ്റ്റസ്റ്റ് പ്രൊട്ടക്ഷൻ അസോസിയേഷൻ, മൂന്നാർ ഗ്രാമ പഞ്ചായത്ത് തുടങ്ങി ചില വ്യക്തികൾ ഉൾപ്പെടെ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന 551/95, 628/95,635/95 നന്നീ കേസുകളിൽ ഹൈക്കോടതി 24-11-2000-ൽ കൂട്ടായി വിധി പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധിയിലെ 628/95, 635/95 എന്നീ ഓ. പി.കൾ അനുവദിച്ചു കൊണ്ട് ഹൈക്കോടതി ഉത്തരവായി. റ്റാറ്റാ ടീ കമ്പനിക്കോ തൊഴിലാളി യൂണിയനുകൾക്കോ മറ്റാർക്കെങ്കിലുമോ കണ്ണൻ ദേവൻ വില്ലേജിലെ നദീക്കരയിൽ 50 വാരവരെ ദൂരെ ഇരുകരകളിലും യാതൊരു കെട്ടിടങ്ങളും കെട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇതിനു വിരുദ്ധമായി നദിക്കരയിൽ 50 വാര ദൂരത്തിനുള്ളിൽ കെട്ടിപ്പൊക്കിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും ഉടനടി ഇടിച്ചുനിരത്തുന്നതിനും ആയതിലേക്ക് ദേവികുളം തഹസീൽദാർ നടപടി സ്വീകരിക്കണമെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി. ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് ദേവികുളം തഹസീൽദാർക്ക് അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലാതെ വന്നിരിക്കുന്നു എന്നുള്ളതാണ് അവിടത്തെ ഇപ്പോഴത്തെ സ്ഥിതി, മറ്റുള്ള കാര്യം പരിശോധിക്കാം.

(9) ഖാദി വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിലെ ഖാദി വ്യവസായവുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് നൂൽ തുണി നെയ്ത്ത് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളിലേറെയും സ്ത്രീ തൊഴിലാളികളാണ്. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വളരെ കുറഞ്ഞ കൂലിയാണ് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിൽനിന്നും റിബേറ്റ് ഇനത്തിൽ കിട്ടേണ്ട സംഖ്യ പലപ്പോഴും കുടിശ്ശികയായി വരുന്നതിന്റെ ഫലമായി ഈ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ വളരെയേറെ ബാധിക്കുന്നുണ്ട്. തുണിയും നൂലും കെട്ടിക്കിടക്കുന്ന സ്ഥിതി ഈ കേന്ദ്രങ്ങളിൽ തുടരുകയാണ്. റിബേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ് കുറെയെങ്കിലും ഖാദി തുണികൾ വിറ്റഴിക്കാൻ കഴിയുന്നത്. ഈയടുത്തകാലത്ത് ഖാദി വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ യൂണിഫോം വിറ്റഴിക്കുന്ന ഒരു പദ്ധതി ആരംഭിച്ചു. ജില്ലാ കേന്ദ്രങ്ങളിൽ നടത്തിയ പദ്ധതി വിജയകരമായിരുന്നു എന്നാണ് അവരുടെ റിപ്പോർട്ടിൽ നിന്ന് മനസ്സിലാകുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശങ്ങളായി ഒന്നുരണ്ടു അഭ്യർത്ഥനകൾ നടത്താനുള്ളത്. ഇവരുടെ കൂലി പുതുക്കി നിശ്ചയിക്കുകയും ഇന്ന് കിട്ടുന്ന കുറഞ്ഞകൂലി വർദ്ധിപ്പിക്കാൻ (ചുരുങ്ങിയത് ദിവസം 100 രൂപയെങ്കിലും കൂലി കിട്ടുന്ന വിധത്തിൽ) നടപടി ഉണ്ടാകുകയും വേണം. ഖാദി തുണി വിറ്റഴിക്കാനുള്ള നടപടി വ്യാപകമാക്കണം. സർക്കാർ ഡിപ്പാർട്ടുമെന്റുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും സ്കൂളുകളിലുമൊക്കെ തുണി വിറ്റഴിക്കാനുള്ള നടപടി സ്വീകരിക്കണം. യൂണിഫാം കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. സ്കൂൾ കുട്ടികളുടെ യൂണിഫോമിൽ ഒരു ജോഡിയെങ്കിലും ഖാദിയായിരിക്കണമെന്ന് നിർബന്ധിച്ചാൽ ഈ തുണി വിറ്റഴിക്കാനും കഴിയും. കുട്ടികളിൽ ഒരു ദേശീയ ബോധം വളർത്തിക്കൊണ്ടുവരാൻ കഴിയത്തക്കവിധത്തിൽ, വ്യാപകമായ വിധത്തിൽ, ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഒരു നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വളരെ നല്ല നിർദ്ദേശമാണ് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ മുന്നോട്ടുവച്ചിട്ടുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഖാദി കമ്മിഷൻ അംഗീകരിച്ച് നൽകുന്ന കോസ്റ്റ് ചാർട്ട് പ്രകാരമാണ് വേതനം നൽകുന്നത്. 1-4-2000 മുതൽ ഖാദി തൊഴിലാളികൾക്ക് 10% വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഉല്പാദനം വർദ്ധിപ്പിച്ചും ഉപകരണങ്ങൾ ആധുനികവത്ക്കരിച്ചും വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണക്കാലത്ത് ഓരോ തൊഴിലാളിക്കും 200 രൂപ വീതം ഫെസ്റ്റിവൽ അലവൻസ്, 10% ഇൻസെന്റീവ് എന്നിവ നൽകുന്നുണ്ട്. നെയ്ത്ത് തൊഴിലാളികൾ ഉപയോഗിക്കുന്ന ഓരോ കഴി നൂലിനും 10 പൈസ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി നൽകിയിരുന്ന 350 രൂപ 750 രൂപയായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡിൽ നിന്ന് നൽകി വരുന്നു. പെൻഷൻ 60 രൂപയിൽ നിന്ന് 100 രൂപയായും പരമാവധി പെൻഷൻ 150 രൂപയിൽ നിന്ന് 300 രൂപയായും ചികിത്സാ ചെലവ് 250 രൂപയിൽ നിന്ന് 750 രൂപയായും ശവസംസ്ക്കാര ചടങ്ങുകൾക്ക് 350 രൂപ ധനസഹായമായി നൽകിയിരുന്നത് 500 രൂപയായും വർദ്ധിപ്പിച്ചു. അവശതാ പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ നൽകി വരുന്നുണ്ട്. ഖാദി മേഖലയിൽ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ യഥാസമയം വിറ്റഴിക്കുന്നതിന് പുതിയ വില്പനശാലകൾ തുറന്ന് ആകർഷകമായ റെഡിമെയ്ഡ് വസ്ത്രങ്ങൾ വിപണിയിലിറക്കി വില്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഖാദി ഉല്പന്നങ്ങൾ വിദേശത്ത് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടിയും എടുത്തു വരുന്നു. ഖാദി മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വില്പനയ്ക്ക് വർഷം മുഴുവൻ 10% റിബേറ്റും ഉത്സവക്കാലങ്ങളിൽ സ്പെഷ്യൽ റിബേറ്റും അനുവദിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ജീവനക്കാർക്ക് ക്രെഡിറ്റ് പദ്ധതി അനുവദിച്ചിട്ടുള്ളത് വില്പന മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്. ആരോഗ്യ വകുപ്പിന് ആവശ്യമായിട്ടുള്ള ബാൻഡേജ് ക്ലോത്തിന്റെ 50% ഖാദി മേഖലയിൽ നിന്നാണ് വാങ്ങുന്നത്. വിദ്യാർത്ഥികൾക്ക് യൂണിഫോം തുണികൾ വിതരണം ചെയ്യുന്നതിന് പല സ്കൂൾ അധികൃതരേയും അദ്ധ്യാപക രക്ഷാകർതൃ സമിതികളേയും സമീപിച്ചു എങ്കിലും ഉദ്ദേശിച്ച പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല. തുടർന്നും അതിനുള്ള ശ്രമം നടത്തുന്നതാണ്. ഇതിനു പുറമെ മറ്റൊരു കാര്യമുള്ളത്, ഇന്നത്തെ ചർക്കയിൽ നൂൽനൂൽപ്പു കഴിഞ്ഞാൽ വാസ്തവത്തിൽ ഈ കുട്ടികളുടെ വരുമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യമല്ല. ഞാൻ കേന്ദ്ര ഖാദി കമ്മിഷനോടുതന്നെ പല പ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഒരു ചെറിയ മോട്ടോർ വച്ച് പ്രവർത്തിക്കാൻ സമ്മതിച്ചാൽ 50-60 രൂപയെങ്കിലും പെൺകുട്ടികൾക്ക് കിട്ടും. ഖാദിയിൽ മെക്കനൈസേഷൻ വന്നു കഴിഞ്ഞു. ഇന്ന് അവർക്ക് മോശമായ കൂലിയാണെന്നുള്ള കാര്യം സമ്മതിക്കുന്നു. പക്ഷേ കോസ്റ്റ് ചാർട്ട് അനുസരിച്ച് മാത്രമേ കൊടുക്കാൻ കഴിയുകയുള്ളു. ഇത് അംഗീകരിക്കാൻ വേണ്ടിയുള്ള ശക്തിയായ നിർദ്ദേശം വീണ്ടും ചെലുത്തിയാൽ വാസ്തവത്തിൽ ഫലമുണ്ടാകും. പഴയകാലം പോലെ ഇന്ന് ഒരു മേഖലയിലും പ്രവർത്തിക്കാൻ കഴിയുകയില്ല. അതുകൊണ്ട് മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. അതിനൊക്കെ നിർബന്ധം ചെലുത്തിയാൽ ഈ രംഗത്ത് കുറെ മാറ്റങ്ങൾ വരുത്താൻ കഴിയും.

മി.സ്പീക്കർ : ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രന്റെ സബ്മിഷന് വ്യവസായവകുപ്പുമന്ത്രിയല്ല, മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടി വരിക. അത് മുഖ്യമന്ത്രിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അടുത്ത ദിവസം എടുക്കാം.

(10) വികലാംഗക്ഷേമ കമ്മീഷണറേറ്റിൽ ആവശ്യത്തിന് സ്റ്റാഫും സൗകര്യങ്ങളുമില്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അന്ധൻമാരും ബധിരരും മൂകരും മന്ദബുദ്ധികളുമായിട്ടുള്ള ഹതഭാഗ്യരുടെ ക്ഷേമത്തിനുവേണ്ടി ഇൻഡ്യയിലുള്ള ഏറ്റവും സുപ്രധാനമായ നിയമാണ് The persons with disabilities (Equal opportunities, Protection of Right and Full Participation) Act, 1995.ഗവൺമെന്റ് ഉടമസ്ഥതയിലും ഗവൺമെന്റ് സഹായത്തോടെ പ്രവർത്തിക്കുന്നതുമായ തൊഴിൽ സ്ഥാപനങ്ങളിൽ 3 ശതമാനം സംവരണം, ഇത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനങ്ങളിലും 3 ശതമാനം സംവരണം. വികലാംഗരുടെ തൊഴിൽ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കാൻ, പുതിയ തൊഴിൽദായക പദ്ധതികൾ രൂപീകരിക്കാൻ, മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്നിവ നിയമത്തിൽ അനുശാസിച്ച കാര്യങ്ങളാണ്. എന്നാൽ അത്യന്തം ഖേദകരമെന്ന് പറയട്ടെ, ഈ നിയമം നടപ്പിലാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് കാണുന്നത്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത്. ഇൻഡ്യൻ സാമൂഹ്യ സുരക്ഷാ നടപടികളിൽ മുന്തിയ പരിഗണന നമ്മുടെ സംസ്ഥാനത്ത് നൽകുന്ന ഈ നിയമം നടപ്പിലാക്കുന്നതിന് കാര്യമായ യാതൊരു നീക്കവും

LIBRARY ARCHIVES Kerala Legislative Assembly